# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2650    13.03.2020 -ൽ മറുപടിക്ക്**

**ചെറുവത്തൂർ-ചീമേനി ഐ.ടി. പാർക്ക് പാലാവയൽ ചിറ്റാരിക്കൽ-ഭീമനടി-മുക്കട റോഡ്**

**ചോദ്യം**

**ശ്രീ.എം. രാജഗോപാലൻ :**

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ നാഷണൽ ഹൈവേയെ മലയോര മേഖലകളായ വെള്ളരിക്കുണ്ട്, ചിറ്റാരിക്കൽ എന്നീ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നതും 58 കിലോമീറ്റർ ദൈർഘ്യമുള്ളതുമായ ചെറുവത്തൂർ-ചീമേനി ഐ.ടി. പാർക്ക് പാലാവയൽ ചിറ്റാരിക്കൽ-ഭീമനടി-മുക്കട റോഡ് എസ്.എച്ച്. ആയി ഉയർത്താൻ നടപടികൾ ഉണ്ടാകുമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

ചെറുവത്തൂർ മുതൽ മുക്കട വരെയുള്ള 58.00 കി.മീ. നീളമുള്ള റോഡ് കാസർഗോഡ് ജില്ലയിലെ അഞ്ച് പ്രധാന ജില്ലാ പാതകൾ (MDR) ചേർന്ന റോഡാണ്.

1. ചെറുവത്തൂർ - ചീമേനി - തടിയൻമാട റോഡ് കി.മീ.0/000 മുതൽ 9/000 വരെ
2. ചീമേനി - കാക്കടവ് റോഡ് കി.മീ. 0/000 മുതൽ 11/000 വരെ
3. ചീമേനി - പാലവയൽ - ഓടകൊല്ലി റോഡ് കി.മീ.11/000 മുതൽ 53/000 വരെ
4. ചിറ്റാരിക്കൽ - ഭീമനടി റോഡ്
5. ഭീമനടി - മുക്കട റോഡ് കി.മീ.0/000 മുതൽ 8/000 വരെ

ഈ റോഡിൽ നിലവിൽ കിഫ്ബി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ചെറുവത്തൂർ മുതൽ കാക്കടവ് വരെയുള്ള 20 കി.മീ. മാത്രമേ 7 മീറ്റർ വീതിയിൽ പുനരുദ്ധാരണം ചെയ്യാൻ സ്ഥലം ലഭ്യമായിട്ടുള്ളത്. നിലവിലെ സാഹചര്യങ്ങളിൽ ചെറുവത്തൂർ മുതൽ കാക്കടവ് വരെയുള്ള 20 കി.മീ. ഭാഗങ്ങളിൽ റോഡ് സംസ്ഥാന പാതയായി ഉയർത്തുവാനുള്ള വീതി ലഭ്യമാണ്. ബാക്കി ഭാഗങ്ങളിൽ സ്റ്റേറ്റ് ഹൈവേ നിലവാരത്തിൽ ഉയർത്തുവാൻ നിലവിൽ സ്ഥലം ഉള്ളതായി കാണുന്നില്ല.

**സെക്ഷൻ ഓഫീസർ**